©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

1924
31/2/21

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY



| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ബുധൻ<br>Thiruvananthapuram, Wednesday | 2020 ഡിസംബർ 30<br>30th December 2020<br>1196 ധനു 15<br>15th Dhanu 1196<br>1942 പൌഷം 9<br>9th Pousha 1942 | നമ്പർ No. 3148 |



### കേരള സർക്കാർ

### മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 25/2020/മ.തു.വ. *2020 ഡിസംബർ 29*

*തിരുവനന്തപുരം*

**എസ്. ആർ. ഒ. നമ്പർ 916/2020**

2014-ലെ കേരള മത്സ്യവിത്ത് ആക്റ്റിലെ (2015 ലെ 4) 12-ാം വകുപ്പ് (1)ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെ പറയുന്ന മത്സ്യവിത്തുകളുടെ തരവും ഇനവും പ്രഖ്യാപിച്ചു കൊണ്ട് ഇതിനാൽ, വിജ്ഞാപനം പുറപ്പെടുവിക്കുന്നു. അതായത്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| Sl. No. | *Species Name* | Common Name | Vernacular Name |
|---|---|---|---|
| (1) | *(2)* | (3) | (4) |
| 1 | *Catla catla* | Catla | കട്‌ല (കര കട്‌ല) |
| 2 | *Labeo rohita* | Rohu | രോഹു |
| 3 | *Cirrhinus mrigala* | Mrigal | മൃഗാൾ |
| 4 | *Cyprinus carpio var. communis* | Common carp (scale carp) | സ്കെയിൽ കാർപ്പ് |
| 5 | *Cyprinus carpio var. specularis* | Mirror carp | മിറർ കാർപ്പ് |
| 6 | *Cyprinus carpio var. nudus* | Leather carp | ലെതർ കാർപ്പ് |
| 7 | *Ctenopharyngodon idella* | Grass carp | ഗ്രാസ് കാർപ്പ് |
| 8 | *Hypophthalmichthys molitrix* | Silver carp | സിൽവർ കാർപ്പ് |
| 9 | *Cyprinus carpio haematopterus* | Amur carp | അമൂർ കാർപ്പ് |
| 10 | *Cyprinus rubrofuscus* | Koi carp. | കോയി കാർപ്പ് |
| 11 | *Labeo fimbriatus* | Labeo | ലേബിയോ |
| 12 | *Labeo dussumieri* | Malabar labeo | പുല്ലൻ (ഉളി) |
| 13 | *Labeo calbasu* | Calbasu | ലേബിയോ |
| 14 | *Puntius Carnaticus* | Carnatic Carp | കാവേരി മീൻ |
| 15 | *Puntius Pulchellus* | Pulchellus Carp | പച്ചിലവെട്ടി |
| 16 | *Tor Khudree* | Deccan mahseer | കയിൽ മത്സ്യം |
| 17 | *Etroplus suratensis* | Pearl spot | കരിമീൻ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 18 | *Heteropneustes fossilis* | Asian cat fish | കാരി |
| 19 | *Wallago attu* | Fresh water cat fish | ആറ്റുവാള |
| 20 | *Pangasionodon hypophthalmus* | Pangasius | ആസംവാള (മലേഷ്യൻ വാള) |
| 21 | *Notopterus Chitala* | Feather back | ചിതാല |
| 22 | *Ompok malabaricus* | Malabar butter catfish | തൊണ്ണിവാള |
| 23 | *Ompok pada* | Pabdah catfish | പബ്ദ ക്യാറ്റ് ഫിഷ് |
| 24 | *Clarias batrachus* | Wal<br>king cat fish | മുഷി |
| 25 | *Clarias dussumieri* | cat fish | മുഷി |
| 26 | *Channa striata* | Striped snakehead | വരാൽ (കണ്ണൻ) |
| 27 | *Channa marulius* | Great snakehead | വരാൽ (ചേറുമീൻ, ചേറൻ) |
| 28 | *Channa diplogramma* | Malabar snakehead | പുലിവാക (പുള്ളിവാക) |
| 29 | *Channa punctata* | Spoted snakehead/Green snakehead | പുള്ളി വരാൽ |
| 30 | *Anabas testudineus* | Climbing perch | കല്ലേമുട്ടി (കറുപ്പ്) |
| 31 | *Anabas cobojius* | Gangetic koi | കോയി അനബാസ് |
| 32 | *Horabagrus brachysoma* | Yellow cat fish | മഞ്ഞ കൂരി (മഞ്ഞ ഏട്ട) |
| 33 | *Mystus gulio* | Long whiskers cat fish | ചില്ലാൻ കൂരി (കായൽ ഏട്ട) |
| 34 | *Oreochromis mossambicus* | Mossambique tilapia | മൊസാംബിക് തിലാപിയ |
| 35 | *Oreochromis niloticus* | Nile tilapia | നൈൽ തിലാപിയ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 36 | *Oreochromis aureus* | Blue tilapia | ബ്ലൂ തിലാപിയ |
| 37 | *Osphronemus goramy* | Giant gaurami | ജയന്റ് ഗൗരാമി (ഗൗര) |
| 38 | *Chanos chanos* | Milk fish | പൂമീൻ |
| 39 | *Mugil cephalus* | Grey mullet | തിരുത |
| 40 | *Lates calcarifer* | Sea bass | കൊടുവായ് (കാളാഞ്ചി, നരിമീൻ) |
| 41 | *Rachycentron canadum* | Cobia | കോബിയ (കടൽ മോത) |
| 42 | *Epinephelus coioides* | Orange spoted grouper | പന്നിക്കലവ |
| 43 | *Epinephelus tauvina* | Arabian grouper | കലവ |
| 44 | *Trachinotus blochii* | Silver pompano | വളർകോട് (താലിപാര) |
| 45 | *Trachinotus mookalee* | Indian Pompano | വളർകോട് |
| 46 | *Lutjanus orgentimaculates* | Red snapper | ചെമ്പല്ലികോര |
| 47 | *Penaeus monodon* | Tiger prawn | കാരചെമ്മീൻ |
| 48 | *Penaeus indicus (Fanneropenaeus indicus)* | Indian white prawn | നാരൻ |
| 49 | *Penaeus stylirostris* | Western blue shrimp | നീല ചെമ്മീൻ |
| 50 | *Litopenaeus vannamei* | Whiteleg shrimp | വനാമി ചെമ്മീൻ |
| 51 | *Macrobrachium rosenbergii* | Scampi | കാലൻ കൊഞ്ച് (ആറ്റുകൊഞ്ച്) |
| 52 | *Scylla serrata* | Mud Crab, mangrove crab | കായൽ ഞണ്ട് |
| 53 | *Scylla tranquebarica* | Mud Crab | കായൽ ഞണ്ട് |
| 54 | *Perna viridis* | Green mussel | പച്ച ചിപ്പി |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 55 | *Perna indica* | Brown mussel | ബ്രൗൺ ചിപ്പി |
| 56 | *Crassostrea madrasensis (Magallana bilineata)* | Backwater oyster | കടൽ മുരിങ്ങ |
| 57 | *Paphia malabarica (Protapes gallus)* | Salt water clam | കല്ലുമ്മക്കായ |
| 58 | .*Villorita cyprinoides* | Black clam | കറുത്ത കക്ക |
| 59 | *Pinctada fucata* | Pearl oyster | മുത്ത് ചിപ്പി |
| 60 | *Pinctada margaritifera* | Pearl oyster | മുത്ത് ചിപ്പി |

*ഗവർണറുടെ ഉത്തരവിൻപ്രകാരം*

*ടിങ്കു ബിസ്വാൾ*

*സെക്രട്ടറി*

**വിശദീകരണ കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗം ആകുന്നതല്ല, എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്)

മത്സ്യവിത്ത് ഉൽപ്പാദനത്തിന്റെ ഗുണമേന്മയും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ് ആണ് 2014-ലെ കേരള മത്സ്യവിത്ത് ആക്റ്റ് (2015-ലെ 4). പ്രസ്തുത ആക്റ്റിലെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന്, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രവുമായി കൂടിയാലോചന നടത്തിയതിനു ശേഷം, മത്സ്യവിത്ത് വളർത്തലിന്റെയോ മത്സ്യകൃഷിയുടെയോ ആവശ്യത്തിനുവേണ്ടി വിൽക്കേണ്ടതായ ഏതെങ്കിലും മത്സ്യവിത്തിന്റെ തരത്തിന്റെയോ ഇനത്തിന്റെയോ ഗുണനിലവാരം നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്നോ യുക്തമാണെന്നോ കരുതുന്നപക്ഷം, അതിന്, പ്രസ്തുത ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, വിജ്ഞാപനം വഴി, അങ്ങനെയുള്ള തരത്തിലുള്ളതോ ഇനത്തിലുള്ളതോ ആയ മത്സ്യവിത്തിനെ ഒരു വിജ്ഞാപനം ചെയ്യപ്പെട്ട തരമായോ ഇനമായോ പ്രഖ്യാപിക്കാവുന്നതാണ്. സംസ്ഥാനത്തു ഉൽപ്പാദിപ്പിക്കപ്പെടുന്നതും വിപണനം നടത്തുന്നതും ഇറക്കുമതി ചെയ്യുന്നതും കയറ്റുമതി ചെയ്യുന്നതുമായ മത്സ്യവിത്തിന്റെ ഗുണനിലവാരവും ക്രമീകരണവും ഉറപ്പാക്കി മത്സ്യകർഷകർക്കു ലഭ്യമാക്കേണ്ടതിനാൽ പ്രസ്തുത ആക്റ്റിന്റെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം മത്സ്യവിത്തിന്റെ തരവും ഇനവും പ്രഖ്യാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.12.30 01:56:59 +(